പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :1341 14/06/2013-ൽ മറുപടിക്ക്

**മലയാളം - ശ്രേഷ്ഠഭാഷയും ഭരണഭാഷയും**

ചോദ്യം

ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

മറുപടി

ശ്രീ .കെ .സി ജോസഫ്

ബഹു : ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | മലയാളം ശ്രേഷ്ഠഭാഷയായി പ്രഖ്യാപിച്ച് ഉത്തരവുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ പദവി നൽകുന്നതിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം കൊടുത്തിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച ഔദ്യോഗിക ഉത്തരവുകളൊന്നും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല. |
| (ബി) | ഇതുകൊണ്ട് നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (ബി) | മലയാളഭാഷയുടെ വളർച്ചയ്ക്കും വികസനത്തിനുമായി ഈ അംഗീകാരം പ്രയോജനപ്പെടുത്തേണ്ടതുണ്ട്. രാജ്യത്തിനകത്തും പുറത്തും ഭാഷാപഠനം പ്രോത്സാഹിപ്പിക്കുക, സ്കൂൾ കോളേജ് തലത്തിൽ ഭാഷാപഠനം പ്രോത്സാഹിപ്പിക്കുക, മലയാളകൃതികൾ മറ്റ് ഭാഷകളിലേക്ക് വിവർത്തനം ചെയ്യുക, ക്ലാസിക് ഗ്രന്ഥങ്ങൾ ഡിജിറ്റൽ രൂപത്തിൽ പ്രസിദ്ധീകരിക്കുക തുടങ്ങിയ നേട്ടങ്ങൾ ഉണ്ടാകുമെന്ന് കരുതുന്നു. കൂടാതെ സാഹിത്യ അക്കാദമി, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ,മലയാളം സർവ്വകലാശാല എന്നിവ ശാക്തീകരിക്കുന്നതിനും നടപടികൾ ഉണ്ടാകും. |
| (സി) | മലയാളം ഭരണഭാഷയായി പ്രഖ്യാപിച്ചിട്ടും പല സർക്കാർ ഉത്തരവുകളും മറ്റ് ഭാഷകളിൽ ഇറങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് ഒന്നാം ഭാഷയായി മലയാളം പഠിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം ഒന്നാം ഭാഷയായി പഠിപ്പിക്കണമെന്ന് 27/06/2011 ലെ സ.ഉ.(എം.എസ്)നം:148/2011/പൊ.വി.വ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം നിർബന്ധിത ഭാഷയാക്കിക്കൊണ്ട് 01/09/2011 ൽ സ.ഉ.(പി)നം:183/2011/പൊ.വി.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഇ) | മലയാള ഭാഷ പഠിപ്പിക്കാത്ത സ്കൂളുകളുടെ അംഗീകാരം റദ്ദ് ചെയ്യാൻ നടപടി സ്വീകരിക്കുമോ? | (ഇ) | പരിശോധിക്കുന്നതാണ്. |

Sheela M

സെക്ഷൻ ഓഫീസർ